# NuMATS ഉപജില്ലാതല പരീക്ഷ 2017–2018

# മാതൃകാ ചോദ്യപേപ്പർ – 7

## ഭാഗം: എ

## ക്വിസ്

**സമയം: 30 മിനിട്ട്**

**സ്കോർ – 10**

**നിർദ്ദേശങ്ങൾ:**

- **ഓരോ ചോദ്യത്തിന്റെയും ഉത്തരം കുട്ടികൾ കടലാസിൽ എഴുതണം. ഈ കടലാസ് വാങ്ങി വയ്ക്കണം.**
- **ഓരോ കുട്ടിക്കും കിട്ടിയ ആകെ സ്കോർ ബോർഡിൽ പ്രദർശിപ്പിക്കണം. (സ്ഥാനങ്ങൾ പ്രഖ്യാപിക്കേണ്ടതില്ല)**

1. ഒരു സംഖ്യയുടെ 40% ന്റെ 40% 40 ആയാൽ സംഖ്യ ഏത്?
2. $\frac{31}{2}$ -ന്റെ $\frac{21}{2}$ മടങ്ങ് എത്ര?
3. 0.1 നെ എത്ര കൊണ്ട് ഹരിച്ചാൽ 0.001 കിട്ടും?
4. ഒരു ക്ലോക്കിലെ സമയം 3.40 ആയാൽ മണിക്കൂർ സൂചിക്കും മിനിറ്റ് സൂചിക്കും ഇടയിലുള്ള കോണളവ് എത്ര?
5. 1872453 എന്ന സംഖ്യയെ 9 കൊണ്ടു ഹരിച്ചാൽ ശിഷ്ടം എത്ര?
6. അമ്മു, 5, 15, 25, 35 എന്നിങ്ങനെ എണ്ണാൻ തുടങ്ങി. 500 നു താഴെ ഇത്തരം എത്ര സംഖ്യകളുണ്ട്.
7. $\frac{3}{5}$ -ന്റെ സമാനഭിന്നം എഴുതിയപ്പോൾ ഛേദവും അംശവും തമ്മിൽ 18ന്റെ വ്യത്യാസമുള്ളതായി കണ്ടു. ഭിന്നമേത്?
8. 2 ഘനമീറ്റർ = ............. ലിറ്റർ.
9. 5, 5, 5, 5, 5 എന്നീ അഞ്ച് സംഖ്യകളുടെ വ്യുൽക്രമങ്ങളുടെ തുകയെത്ര?
10. രണ്ട് ഭിന്നങ്ങളുടെ ഗുണനഫലം $9\frac{3}{5}$ ആണ്. അവയിൽ ഒരു ഭിന്നം $6\frac{2}{5}$ ആണെങ്കിൽ രണ്ടാമത്തേത് ഏത്?

## ഭാഗം: ബി

## കുറിപ്പ് തയാറാക്കുക

**സമയം: 30 മിനിട്ട്**

**സ്കോർ – 10**

കുറിപ്പ് തയ്യാറാക്കുക: ചതുരത്തിന്റെ ചുറ്റളവും പരപ്പളവും.

# ഭാഗം: സി

## പ്രായോഗിക പരീക്ഷ

ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക.


**സമയം: 30 മിനിട്ട്**

**സ്കോർ – 15**

**നിർദ്ദേശങ്ങൾ: (അദ്ധ്യാപകർക്ക്)**

- **ചോദ്യപേപ്പറിൽ കാണുന്ന ചിത്രത്തിൽ തന്നിരിക്കുന്ന അതേ അളവുകളിൽ ഒരു ചിത്രം കുട്ടികൾ വരയ്ക്കണം / നിർമ്മിക്കണം ഇതിനായി ചിത്രം എല്ലാ കുട്ടികളും കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണം. ആവശ്യമെങ്കിൽ ചാർട്ട് വരച്ച് കാണിക്കണം.**
- **ചിത്രം വരയ്ക്കുന്നതിന് / നിർമ്മിക്കുന്നതിന് മുമ്പോ അതിന് ശേഷമോ വരയ്ക്കുന്ന രീതിയെക്കുറിച്ച് ഒരു വിശദീകരണ കുറിപ്പ് കുട്ടികൾ തയ്യാറാക്കണം. അതിനുള്ള നിർദേശം നൽകണം. ഇത് ഒരു കടലാസിൽ എഴുതി വാങ്ങണം.**
- **ചിത്രം വരയ്ക്കുന്നതിനും അളവുകൾ അളന്നെഴുതുന്നതിനും നിർദേശം നൽകണം.**

1. ചിത്രത്തിൽ കാണുന്ന പാറ്റേൺ വരയ്ക്കുക. അകത്തെ വൃത്തത്തിന്റെയും പുറത്തെ വൃത്തത്തിന്റെയും ആരം അളന്നെഴുതുക.



2. 6 സെ.മീ. വശമുള്ള ഒരു ക്യൂബ് നിർമ്മിക്കുക.

   ക്യൂബിന് എത്ര വക്കുകളുണ്ട്? എത്ര മുഖങ്ങളുണ്ട്? (ഒരു ക്യൂബ് കുട്ടികളെ കാണിക്കുന്നു.)

3. പരീക്ഷകർ നൽകുന്ന ജ്യാമിതീയ രൂപങ്ങളുടെ എല്ലാ കോണുകളുടെയും അളവ് കണ്ടുപിടിക്കുക. (വ്യത്യസ്ത കോണുകൾ വരുന്ന ജ്യാമിതീയ രൂപങ്ങൾ ചാർട്ട് പേപ്പറിൽ വരച്ചു നൽകണം).

# ഭാഗം: ഡി

## പ്രശ്നാപഗ്രഥന ചോദ്യങ്ങൾ

**സമയം: 30 മിനിട്ട്**

**സ്കോർ – 15**

**നിർദ്ദേശങ്ങൾ:**

- **ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്കാണ് ഉത്തരം എഴുതേണ്ടത്.**
- **കുട്ടി ഉത്തരത്തിലെത്തിച്ചേർന്ന വഴി ഉത്തര കടലാസിൽ എഴുതേണ്ടതാണ്.**
- **ഉത്തരത്തിലെത്തിച്ചേർന്ന ഓരോ ഘട്ടവും സൂക്ഷ്മമായി വിലയിരുത്തി സ്കോർ നൽകേണ്ടതാണ്.**

1. ഒരേ അളവിലുള്ള രണ്ട് ടാങ്ക്. ഒന്നാമത്തേതിൽ 20% വെള്ളം ഉണ്ട്. രണ്ടാമത്തേതിൽ 40% ഒഴിഞ്ഞു കിടക്കുന്നു. രണ്ടാമത്തേതിൽ ഒന്നമത്തേതിനെക്കാൾ 80 ലിറ്റർ വെള്ളം കൂടുതലുണ്ട്. ടാങ്കിന്റെ ഉള്ളളവ് എത്ര?
2. ഒരു സ്കൂളിലെ 12 അധ്യാപകരുടെ ശരാശരി പ്രായം 35 വയസ് ആണ്. അവരിൽ നിന്ന് 52 വയസ്സുള്ള ഒരാൾ പോകുകയും 28 വയസ്സുള്ള ഒരാൾ വരികയും ചെയ്താൽ ഇപ്പോഴുള്ള അധ്യാപകരുടെ ശരാശരി പ്രായം എത്ര?
3. 12 സെ.മീ. വശമുള്ള സമചതുരാകൃതിയായ ഒരു കടലാസിന്റെ 4 മൂലകളിൽ നിന്നും 2 സെ.മീ. വശമുള്ള സമചതുരങ്ങൾ മുറിച്ചു മാറ്റുന്നു. ഈ രൂപത്തിന്റെ 4 വശവും 2 സെ. മീ. ഉയർത്തി മടക്കാമല്ലൊ. ഇപ്പോൾ ലഭിച്ച ചതുരപാത്രത്തിന്റെ ഉള്ളളവ് എത്ര?
4. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിന്റെ ചുറ്റളവും പരപ്പളവും കാണുക.

